(സി) സർക്കാർ ആശുപത്രികളിലേക്ക് സെൻട്രൽ പർച്ചേസ് കമ്മിറ്റി നിലവിലില്ലാതെ മരുന്നുകൾ വാങ്ങിയിട്ടില്ല. എന്നാൽ സി.പി.സി. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടുത്താത്ത തരം അത്യാവശ്യ മരുന്നുകൾ, അതാത് ആശുപത്രി മേധാവികൾക്ക് ലോക്കൽ പർച്ചേസ് മുഖേനയോ, ടെണ്ടർ/ക്വട്ടേഷൻ മുഖേനയോ, സാമ്പത്തികാധികാര പരിധിയുടെ അടിസ്ഥാനത്തിൽ വാങ്ങാവുന്നതാണ്.

(ഡി) ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട ഡബ്ല്യു. പി. 23550/04-ന്റെ 15-9-2004-ലെ വിധിയിൽ ഓപ്പൺ ടെണ്ടർ വിളിച്ച് മരുന്നു വാങ്ങണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നു. കോടതി വിധിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

(ഇ) യും (എഫും) ആരോഗ്യ വകുപ്പിൽ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെ ആവശ്യമുള്ള വ്യത്യസ്തങ്ങളായ 600 ഓളം ഫോർമുലേഷനുകളിലുള്ള മറ്റു സാധനങ്ങളും ഓപ്പൺ ടെണ്ടർ വിളിച്ച് വാങ്ങുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളും കേരളത്തിലെ സർക്കാർ നിയന്ത്രണത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളിലേക്കുമുള്ള മരുന്നുകളുടേയും മറ്റ് അനുബന്ധ സാധനങ്ങളുടേയും ആവശ്യകതയിൽ വരുന്ന വ്യത്യാസങ്ങളും സി. പി. സി. 1984 മുതൽ തുടർന്നുവരുന്ന സ്റ്റോഴ്സ് പർച്ചേസ് നിയമം അനുസരിച്ചുള്ള റേറ്റ് കോൺട്രാക്ട് രീതിയുടെ മേന്മകളും ചൂണ്ടിക്കാട്ടി സർക്കാർ റിട്ട് അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന്റെ ഈ വാദം അംഗീകരിക്കുകയും, 15-9-2004-ൽ പുറപ്പെടുവിച്ച സിംഗിൾ ബഞ്ച് വിധിക്കെതിരെ 2004 ഡിസംബർ 2-ാം തീയതി പുറപ്പെടുവിച്ച ഡിവിഷൻ ബഞ്ച് വിധിയിൽ നിലവിലുള്ള റേറ്റ് കോൺട്രാക്ട് 31-3-2006 വരെ തുടരുവാനും, 1-4-2005 മുതൽ പുതിയ കമ്പനികളെക്കൂടെ ചേർത്തുകൊണ്ട് മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുവാനും ഉത്തരവായിട്ടുണ്ട്.

ഭൗമ പ്രതിഭാസങ്ങളെക്കുറിച്ചുള്ള പഠനം

28 [*175] ശ്രീ. എ. എൻ. രാജൻ ബാബു :

„ ഉമേഷ് ചള്ളിയിൽ :

„ കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി കിണർ ഇടിയൽ, കിണർവെള്ളം തിളച്ചുമറിയൽ തുടങ്ങിയ അസാധാരണ ഭൗമ പ്രതിഭാസങ്ങളുണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ പഠനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ ഭൗമ പ്രതിഭാസങ്ങൾ ഗുരുതരമായ ഭവിഷത്തുകളുടെ മുന്നോടിയല്ലെന്ന് ശാസ്ത്രജ്ഞർ സർക്കാരിന് ഉറപ്പുനൽകിയിട്ടുണ്ടോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ ഏജൻസികളുടെ സഹായം തേടിയിട്ടുണ്ടോ ;

(ഇ) സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാരിന്റെയും ആവശ്യമെങ്കിൽ വിദേശ ശാസ്ത്രജ്ഞൻമാരുടേയും സഹായത്തോടെ കേരളത്തിലെ അസാധാരണ ഭൗമ പ്രതിഭാസങ്ങളെക്കുറിച്ച് പഠനം നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്.

(ബി) സെസ്സ് ഇതിനെക്കുറിച്ചുള്ള പഠനങ്ങൾ 2001-2002 കാലഘട്ടത്തിൽ നടത്തുകയും ഭൂമിയിലുണ്ടായ വൻ ഭൂചലനത്തിന്റെ ഫലമായുണ്ടായ ഭൗമ പ്രതിഭാസങ്ങളാണെന്ന് കാണുകയുമുണ്ടായി.

(സി) ഇത്തരം പ്രതിഭാസങ്ങൾ ചില അവസരങ്ങളിൽ ഭൂചലനങ്ങൾക്ക് മുൻപും ശേഷവും ഉണ്ടാകാറുണ്ട്. ആയതിനാൽ ഭൂചലന പ്രവചനത്തിന് ഇത്തരം പ്രതിഭാസങ്ങൾ പ്രയോജനപ്പെടുമെന്നതിന് ആവശ്യമുള്ള പൂർണ്ണ വിവരങ്ങൾ ഇന്നും ശാസ്ത്രസമൂഹത്തിന് ലഭ്യമല്ല. ഇത്തരം പഠനങ്ങൾ കേരളത്തിലും ലോകത്തിലെ മറ്റ് ഭൂചലന പ്രദേശങ്ങളിലും നടക്കുന്നുണ്ട്.

(ഡി) കേന്ദ്ര ഏജൻസികളായ ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ (GSI), നാഷണൽ ജിയോഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (NGRI) മുതലായ സ്ഥാപനങ്ങൾ ഇത്തരം പഠനങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

(ഇ) തുടർ പഠനങ്ങളെക്കുറിച്ചും സുനാമി ദുരന്തത്തെക്കുറിച്ചും ദേശീയവും അന്തർദേശീയവുമായി നടക്കുന്ന ചർച്ചകളിൽ സെസ്സിലെ ഗവേഷകർ പങ്കെടുക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള പഠനങ്ങൾ തുടരും.

സംസ്ഥാനത്ത് സ്മാർട്ട് സിറ്റികൾ

29 [*176] ശ്രീ. പി. എസ്. സുപാൽ :

„ ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്മാർട്ട് സിറ്റികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ഇത്തരം സിറ്റികൾ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്മാർട്ട് സിറ്റികൾ സ്ഥാപിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly